I ഇ.ബി. XI-കേരള നിയമസഭ/V6

# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

2003 ജനുവരി 31, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### ശ്രദ്ധക്ഷണിക്കൽ

(1) കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ വസ്ത്രപാർക്കും യന്ത്രത്തറി സേവാകേന്ദ്രവും

**ശ്രീ.ടി.കെ. ബാലൻ** : കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് ടെക്സ്റ്റയിൽ, ഹാൻഡ്‌ലൂം മേഖലകളിൽ അനുവദിച്ച രണ്ട് പ്രധാനപ്പെട്ട പ്രോജക്ടുകളിൽ ഒന്നായ വസ്ത്ര നിർമ്മാണ പാർക്ക് ഇരുപതിനായിരം പേർക്ക് ജോലി സാദ്ധ്യതയുള്ള ഒരു ബൃഹത്തായ പദ്ധതിയാണ്. ഇത്തരം പാർക്കുകളിൽ ബട്ടൺ മാനുഫാക്ചറിംഗിനും വീവിംഗ് ആന്റ് ഡൈയിംഗിനും വേണ്ടിയുള്ള സൗകര്യങ്ങളും ഉണ്ടാകും. ഓരോ യൂണിറ്റിനും 200 മെഷിനറികൾ എന്ന രൂപത്തിൽ മൊത്തം 17 കോടി രൂപ ചെലവിൽ ഇത് നിർമ്മിക്കണമെന്നാണ് കേന്ദ്ര നിർദ്ദേശം. മറ്റൊരു പ്രോജക്ടായ യന്ത്രത്തറി സേവാകേന്ദ്രം 40 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതാണ്. ഇതിന്റെ ഭാഗമായി ടെക്സ്റ്റയിൽ ഗ്രോത്ത് സെന്ററുകളും കയറ്റുമതിയിലെ തടസ്സങ്ങൾ നീക്കാനുള്ള സംവിധാനങ്ങളും ഉണ്ടാകണമെന്നാണ് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിക്കുന്നത്. ഇന്നത്തെ നാഷണൽ ടെക്സ്റ്റയിൽ പോളിസിയുടെ ചുവടുപിടിച്ചുകൊണ്ട് 2010-ൽ

കയറ്റുമതി 50 ബില്യൻ ഡോളറിലേയ്ക്ക് എത്തിക്കാനുള്ള സംരംഭമായിട്ടാണ് യന്ത്രത്തറി സേവാകേന്ദ്രത്തെ കാണുന്നത്. ഇതിന്റെ ഭാഗമായി റോഡ് വികസനം, തുണിത്തരങ്ങൾ ടെസ്റ്റ് ചെയ്യാനുള്ള സൗകര്യം, മലിനീകരണ നിയന്ത്രണ പ്ലാന്റ്, എക്സ്ബിഷൻ ആന്റ് സെയിൽസ് ഹാൾ, വാർത്താവിനിമയ - ഐ.ടി സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, ഡിസൈൻ സെന്റർ സ്ഥാപിക്കൽ മുതലായ അടിസ്ഥാന സൗകര്യങ്ങളും വേണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ക്ലസ്റ്റർ ആക്ടിവിറ്റിയിൽ ഹാൻഡ്ലൂം ഹോം ഫർണിഷിംഗിൽ പത്താമതായി രേഖപ്പെടുത്തിയിരിക്കുന്നതും ഹാൻഡ്ലൂം പ്രോഡക്ട്സിന്റെ തനിമയിൽ പ്രശസ്തിയാർജ്ജിച്ചതുമായ ജില്ലയാണ് കണ്ണൂർ. എക്സ്പോർട്ട് ചെയ്യുന്ന 103 സ്ഥാപനങ്ങളിൽ 70 എണ്ണവും കണ്ണൂർ ജില്ലയിലാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ വസ്ത്ര പാർക്കും നാഷണൽ ടെക്സ്റ്റയിൽ പോളിസിക്ക് അനുസൃതമായി കയറ്റുമതിക്ക് പ്രോൽസാഹനം നൽകുന്ന യന്ത്രത്തറി സേവാകേന്ദ്രവും കണ്ണൂർ ജില്ലയിൽത്തന്നെ സ്ഥാപിക്കുന്ന കാര്യം ഗൗരവമായി പരിഗണിക്കണം.

**വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി):** കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ ടെക്സ്റ്റയിൽ സെന്റർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് സ്കീം കണ്ണൂർ ജില്ലയിൽ സ്ഥാപിക്കുന്നതിന് 40 കോടി രൂപയുടെ ഒരു പ്രോജക്ട് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ സഹായത്തോടെ തയ്യാറാക്കിക്കഴിഞ്ഞു. സംസ്ഥാന ഗവൺമെന്റ് അത് അന്തിമമായി പരിശോധിച്ചശേഷം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച് ശക്തിയായി ഫോളോ അപ്പ് ചെയ്ത് കണ്ണൂർ ജില്ലയ്ക്ക് ലഭ്യമാക്കാനുള്ള നടപടി എടുക്കുന്നതാണ്. 17 കോടി രൂപയുടെ അപ്പാരൽ പാർക്ക് ഇപ്പോൾ തിരുവനന്തപുരത്തിനുവേണ്ടിയാണ് അനുവദിച്ചിട്ടുള്ളത്. കൂടുതൽ വസ്ത്ര പാർക്കിനുള്ള സാദ്ധ്യതയുണ്ടോയെന്നുള്ള കാര്യവും ആലോചിക്കാവുന്നതാണ്.

(2) <u>പെരിയാറിൽ നീരൊഴുക്ക് ഇല്ലാതായതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം</u>

**<u>ശ്രീ.കെ. മുഹമ്മദാലി</u>** : എറണാകുളം ജില്ലയിൽ 12 നിയോജക മണ്ഡലങ്ങളെ ചൈതന്യവത്താക്കുന്ന പെരിയാർ നദി അമിതമായ ജലചൂഷണംമൂലം ഇന്ന് പ്രതിസന്ധിയിലാണ്. പെരിയാറിന്റെ നീരൊഴുക്ക് കുറയുന്നതും, ഉപ്പുവെള്ളം കയറൽ പ്രവണത വർദ്ധിക്കുന്നതും, ജലനിരപ്പ് താഴുന്നതുംമൂലം ഇന്ന് ഇറിഗേഷൻ പദ്ധതികൾ പ്രവർത്തിക്കുന്നില്ല., വേനൽക്കാലം ആകുമ്പോൾ എറണാകുളം ജില്ലയിലെ ബഹുഭൂരിപക്ഷം ജനങ്ങളും ആശ്രയിക്കുന്ന ശുദ്ധജലവിതരണ പദ്ധതികൾ പ്രവർത്തിക്കാൻ പ്രയാസമുണ്ടാകുന്നു. വലുതും ചെറുതുമായ ധാരാളം വ്യവസായ സ്ഥാപനങ്ങൾ പെരിയാറിന്റെ തീരത്ത് സ്ഥിതി ചെയ്യുന്നുണ്ട്. നീരൊഴുക്ക് കുറഞ്ഞതും ജലനിരപ്പ് താഴ്ന്നതും മലിനജലം കെട്ടിക്കിടക്കുന്നതും കാരണം ഇന്ന് പൂർണ്ണമായി മലിനീകരിക്കപ്പെട്ടിരിക്കുന്ന പെരിയാറിനെ ഈ അവസ്ഥയിൽനിന്നും രക്ഷിക്കണം. ഇടുക്കി ഡാം വന്നപ്പോൾ പെരിയാറിൽ വെള്ളം കുറയുമെന്നുള്ളതുകൊണ്ട് വൈദ്യുതി ഉൽപാദിപ്പിച്ചശേഷം വെള്ളം പെരിയാറിലേയ്ക്ക് വിടുമെന്നുള്ള ഉറപ്പ് പാലിക്കപ്പെടുന്നില്ല. കേരളത്തിലെ ഏറ്റവും കൂടുതൽ ജനങ്ങൾ കുടിവെള്ളത്തിന് ആശ്രയിക്കുന്ന പദ്ധതികൾ പെരിയാറിന്റെ തീരത്താണ്. കമ്മീഷൻ ചെയ്യാൻ പോകുന്ന ഹഡ്കോ പദ്ധതിക്കും അനുമതി നൽകിയിട്ടുള്ള ചൊവ്വര പദ്ധതിക്കുമെല്ലാം ആവശ്യമായ വെള്ളം എടുക്കമ്പോൾ പെരിയാറിന്റെ സ്ഥിതി കൂടുതൽ ദയനീയമാകും. അതുകൊണ്ട് കൂടുതൽ വെള്ളം ഈ ആറിലേയ്ക്ക് ലഭ്യമാക്കണം. അനിയന്ത്രിതമായ മണൽവാരലും അമിതമായ ജലവിനിയോഗവും പെരിയാറിനെ അപകടകരമായ സ്ഥിതയിലെത്തിച്ചിരിക്കുകയാണ്. ഇനി ഒരു പദ്ധതിക്കും പെരിയാറിനെ സ്രോതസ്സായി ഉപയോഗിക്കാൻ കഴിയുകയില്ല. പെരിയാർ നദിയിലെ വെള്ളം ഏതു രീതിയിലും വിനിയോഗിക്കാമെന്ന പ്രസ്താവനകൾ പുറപ്പെടുവിക്കുന്നത് കാര്യങ്ങൾ മനസ്സിലാക്കാതെയാണ്. പെരിയാറിനെ നശിപ്പിക്കാൻ ആരും തയ്യാറാകരുത്. ഇപ്പോൾ താല്ക്കാലിക ബണ്ട് കെട്ടി ഉപ്പുവെള്ളം തടയുന്നതിനുപകരം സ്ഥിരമായ

ബണ്ട് കെട്ടിയാൽ പെരിയാർ നദി ഒരു മലിനക്കുളമായി മാറുമെന്നതിനാൽ ഉപ്പുവെള്ളം കയറുന്നതു തടയാൻ താൽക്കാലിക ബണ്ട് നിർമ്മിക്കണം. ആസിഡ് കമ്പനികളിൽ നിന്നുള്ള വെള്ളം കെട്ടിക്കിടക്കുന്നതുമൂലമുളവായിട്ടുള്ള ശോചനീയാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം. പെരിയാർ ഉൾപ്പെടെയുള്ള നദികൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചുവെങ്കിലും അനുമതി ലഭ്യമായിട്ടില്ല. ആവശ്യമായ ധനസഹായം കേന്ദ്ര ഗവണ്മെന്റിൽനിന്നും ലഭ്യമാക്കി പെരിയാറിനെ സംരക്ഷിക്കാൻ ഗവണ്മെന്റ് തയ്യാറാകണം.

**ജലവിഭവവകുപ്പുമന്ത്രി <u>(ശ്രീ. ടി.എം .ജേക്കബ്)</u>** : പെരിയാർ നദി സ്രോതസ്സായി ജലസേചനപദ്ധതികളും കുടിവെള്ള പദ്ധതികളും വ്യാവസായിക ആവശ്യത്തിനുള്ള സ്കീമുകളുമുണ്ട്. ഇപ്പോൾ നിലനിൽക്കുന്ന സ്കീമുകൾക്കു പുറമെ പുതിയ സ്കീമുകളൊന്നും പാടില്ല എന്ന സമീപനം സ്വീകരിക്കാൻ സാദ്ധ്യമല്ല. ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന ഹഡ്കോ പദ്ധതിയുടെയും ചൊവ്വര സ്കീമിന്റെയും സ്രോതസ്സ് പെരിയാറാണ്. കൊച്ചി നഗരത്തിലെ ഇൻഡസ്ട്രിയൽ വാട്ടർ സപ്ളൈ സ്കീമിനും ശുദ്ധജലവിതരണ പദ്ധതികൾക്കും നൽകാൻ കഴിയുന്നത് പെരിയാറിലെ വെള്ളമാണ്. പെരിയാറിലെ മലിനീകരണം ഒഴിവാക്കുന്ന കാര്യത്തെ സംബന്ധിച്ച് ഗൗരവമായ ചർച്ചകൾ നടന്നിട്ടുണ്ട്. കൂടുതൽ ചർച്ചകൾ നടക്കുന്നതും നല്ലതാണ്. പെരിയാർ നദി സംരക്ഷണത്തിനുവേണ്ടി കേന്ദ്ര ഗവണ്മെന്റിന് പ്രൊപ്പോസൽ അയച്ചുവെങ്കിലും കാര്യമായ സഹായം ലഭ്യമായിട്ടില്ല. ഇരുകരകളിലുമുള്ള ഫാക്ടറികളിലെയും ആശുപത്രികളിലെയും മുനിസിപ്പാലിറ്റികളിലെയും പഞ്ചായത്തു കളിലെയും വേസ്റ്റുകൾ ഡിസ്പോസ് ചെയ്യുന്നത് പെരിയാറിലേക്കാണ്. ഇതിനെ തിരെ ജനങ്ങളുടെയിടയിൽ ബോധവൽക്കരണമുണ്ടാകണം. ഗവണ്മെന്റിന് ചെയ്യാൻ കഴിയുന്നത് ചെയ്യുന്നുണ്ട്. ഓരുവെള്ളം കയറുന്നതു തടയാൻ താൽക്കാലിക ബണ്ട് നിർമ്മാണത്തിന് നടപടികൾ

സ്വീകരിക്കാറുണ്ട്. ഈ പ്രാവശ്യം ഭൂതത്താൻകെട്ട് അണക്കെട്ട് തുറന്നുവിട്ട് ഓരു വെള്ളത്തിന്റെ തോത് കുറച്ചിട്ടുണ്ട്. പുറപ്പള്ളിക്കടവിൽ പെർമനന്റ് ബണ്ട് നിർമ്മിച്ച് ഓരുവെള്ളം കയറുന്നതു തടയാനുള്ള പ്രൊപ്പോസൽ ഉണ്ട്. ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചാണ് ഓരോ വർഷവും താല്ക്കാലിക ബണ്ട് നിർമ്മിക്കുകയും പിന്നീട് ഇടിച്ചുകളയുകയും ചെയ്യുന്നത്. പെരിയാറിൽ മണൽ ഇല്ലാത്തതിനാൽ പുറത്തുനിന്നും മണ്ണ് കൊണ്ടുവന്നാണ് ബണ്ട് നിർമ്മിച്ചത്. അനിയന്ത്രിതമായ മണൽ വാരൽ കാരണം പുതിയ കൺസ്ട്രക്ഷൻസ്, വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് സ്റ്റേഷൻ, പാലങ്ങൾ എന്നിവയെല്ലാം ഭീണിയിലാണ്. പെരിയാർ ജലസമ്പത്ത് നിലനിറുത്തണമെങ്കിൽ ചെക്കുഡാമുകൾ നിർമ്മിക്കുകയാണ് അഭികാമ്യം. നദികളിൽ മഴവെള്ളം തടഞ്ഞു നിറുത്തി വേനൽക്കാലത്ത് ഉപയോഗിക്കാൻ കഴിയുന്ന സംവിധാനത്തെപ്പറ്റി ഗവണ്മെന്റ് ഗൗരവമായി ആലോചിച്ചു കൊണ്ടിരിക്കുകയാണ്. ഇടുക്കിയിലെ വെള്ളം മൂലമറ്റത്തുവന്ന് പവർ ജനറേറ്റു ചെയ്ത് ഡിസ്ചാർജ് ചെയ്തുവരുന്നതാണ് മൂവാറ്റുപുഴ ജലസേചനപദ്ധതിക്കായി ഉപയോഗിക്കുന്നത്. അവിടെ നിന്ന് വെള്ളം പെരിയാറിലേയ്ക്ക് കൊണ്ടുവരാൻ ബുദ്ധിമുട്ടാണ്.

## സബ്മിഷൻ

1. തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ പൂർണ്ണമായി അടയ്ക്കാത്തതുമൂലമുള്ള നെൽക്കൃഷി നാശം

**ഡോ: കെ. സി. ജോസഫ്** : തണ്ണീർമുക്കം തോട്ടപ്പള്ളി ഷട്ടറുകൾ വേണ്ടത്ര ജാഗ്രതയോടുകൂടി അടയ്ക്കാത്തതുകൊണ്ടും കേടുവന്ന ഷട്ടറുകളും ലോക്ക്ഗേറ്റുകളും നന്നാക്കാത്തതുകൊണ്ടും ഉപ്പുവെള്ളം കയറി കുട്ടനാടൻ കൃഷി മേഖലയിലെ ഏതാണ്ട് 23,000 ഹെക്ടർ സ്ഥലത്തെ നെൽക്കൃഷി ഭാഗികമായി നശിച്ചിട്ടുണ്ട്. ഷട്ടറുകൾ പൂർണ്ണമായി അടയ്ക്കുന്നതിനും കേടുവന്ന ഷട്ടറുകളും ലോക്ക്ഗേറ്റുകളും റിപ്പയർ ചെയ്യുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

**ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. ടി. എം. ജേക്കബ്</u>)** : തോട്ടപ്പള്ളി സ്പിൽവേയും തണ്ണീർമുക്കം ബണ്ടും 26.12.2002–ൽ അടച്ചുവെങ്കിലും അത് പൂർണ്ണമായിട്ടല്ല അടച്ചിരിക്കുന്നത്. മൊത്തം 62 ഷട്ടറുകളുള്ളതിൽ 8 എണ്ണത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുകയും 15 എണ്ണം മാറ്റി പുന:സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ലോക്ക് ഗേറ്റ് നന്നാക്കാനുള്ള ചുമതല േ കന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഇൻലാൻന്റ് വാട്ടർ വേയ്സ്

അതോറിറ്റി ഓഫ് ഇൻഡ്യയ്ക്കാണ്. ഷട്ടറിന്റെ താഴെ കല്ലും തടിയുമെല്ലാം വച്ച് പൊക്കി മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്നതുകൊണ്ട് ഓരു വെള്ളം കയറുന്നുണ്ട്. മണൽ ചാക്ക് കൊണ്ടുവന്നിട്ട് ഷട്ടറുകൾ താഴ്ത്തി ഓരുവെള്ളം കയറുന്നത് തടയുന്നതിനാണ് ശ്രമിക്കുന്നത്.

2. <u>തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കണമെന്ന ആവശ്യം</u>

**<u>ശ്രീ. ബി. വിജയകുമാർ</u>**: ഇൻഡ്യയിൽ ഹൈക്കോടതി പ്രവർത്തിക്കാത്ത ഏക ജില്ലാ ആസ്ഥാനമാണ് തിരുവനന്തപുരം. ഹൈക്കോടതി എറണാകുളത്തേയ്ക്ക് മാറ്റിയപ്പോൾ ഫയലിംഗ് അധികാരത്തോടു കൂടിയുള്ള ഒരു ബഞ്ച് തലസ്ഥാനത്ത് സ്ഥാപിക്കുമെന്ന് ഉറപ്പ് നൽകിയിരുന്നെങ്കിലും അത് പാലിക്കപ്പെട്ടിട്ടില്ല. ഇതുമൂലം കോടിക്കണക്കിന് രൂപ ഉദ്യോഗസ്ഥൻമാരുടെ ടി. എ. ഇനത്തിൽ ചെലവാകുന്നുണ്ട്. തിരുവനന്തപുരത്തിന്റെ ചിരകാലാഭിലാഷമായ ഹൈക്കോടതി ബഞ്ച് തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

**മുഖ്യമന്ത്രി (<u>ശ്രീ. എ. കെ. ആന്റണി</u>):** ഈ ആവശ്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതുസംബന്ധിച്ച് 1968–ൽ കേരളാ നിയമസഭ പ്രമേയം പാസാക്കി കേന്ദ്ര ഗവൺമെന്റിന് അയയ്ക്കുകയുണ്ടായി. 1971–ലും 1996––ലും

8.7.1999–ലെ കത്തിൽ ആവശ്യപ്പെട്ടപ്രകാരം ഇക്കാര്യത്തിൽ ഹൈക്കോടതി ചീഫ് ജസ്റ്റീസിന്റെ അഭിപ്രായം ആരാഞ്ഞുവെങ്കിലും അന്തിമ മറുപടി ഇതുവരെ ലഭിച്ചിട്ടില്ല. ഹൈക്കോടതിയിൽ കേസ് നടത്തുന്നതിന് വേണ്ടിവരുന്ന ചെലവും ഹൈക്കോടതി ബഞ്ച് അനുവദിക്കേണ്ടതിന്റെ ആവശ്യകതയും വീണ്ടും ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

### 3. ബത്തേരിയിലും ആലപ്പുഴയിലും സുവിശേഷ പ്രവർത്തകർക്കുനേരെ നടന്ന ആക്രമണം

**ശ്രീ. രാജു എബ്രഹാം**: കേരളത്തിൽ സുവിശേഷപ്രവർത്തകർക്കുനേരെ വ്യാപകമായി നടക്കുന്ന ആക്രമണങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കണം. കിളിമാനൂരിൽ ആക്രമണത്തിന് വിധേയനായ, വിദേശിയായ സുവിശേഷപ്രവർത്തകന്റെ വിസയുടെ കാലാവധി തീർന്നുവെന്ന് പറഞ്ഞ് അദ്ദേഹത്തെ തിരിച്ചയച്ച സാഹചര്യത്തിൽ അമൃതാനന്ദമയി മഠം അടക്കമുള്ള സ്ഥലങ്ങളിലെ വിദേശികളുടെ വിസയുടെ കാലാവധി കൂടി പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തണം.

**മുഖ്യമന്ത്രി (ശ്രീ.എ.കെ.ആന്റണി)** : വയനാട് ജില്ലയിലെ പെന്തക്കോസ് പള്ളി തീവച്ച സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് നടത്തിവരുന്ന അന്വേഷണം ഊർജിതപ്പെടുത്താൻ നിർദ്ദേശം നൽകുന്നതാണ്. ആലപ്പുഴ ജില്ലയിൽ 20.12.01–ന് സുവിശേഷപ്രവർത്തകനായ കുളത്തുമ്മാടി വീട്ടിൽ സതീശനെ വെട്ടിപ്പരിക്കേൽപ്പിച്ച പ്രതിയെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. വിദേശമിഷണറിമാർ ടൂറിസ്റ്റ് വിസയിൽ വന്ന് മത പ്രചരണം നടത്തുന്നത് നിയമവിരുദ്ധമാണ്. അത് തടയേണ്ടത് ഗവൺമെന്റിന്റെ ബാധ്യതയാണ്.

### 4. കൊട്ടാരക്കര പേരയിൽ നളരാജന്റെ കൊലപാതകം

**ശ്രീ.പി.എസ്.സുപാൽ:** സി.പി.ഐ. കോട്ടത്തല ലോക്കൽ കമ്മിറ്റി അംഗമായ നളരാജനെ 2003 ജനുവരി 17–ാം തീയതി സാമൂഹ്യ വിരുദ്ധർ കൊലപ്പെടുത്തി. ഇതിന് ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

**മുഖ്യമന്ത്ര (ശ്രീ.എ.കെ.ആന്റണി)** ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി 28.1.2003–ൽ പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും കോടതി അവരെ റിമാണ്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

5. പാപനാശം കടൽത്തീരം വികലമാക്കുന്ന സ്ഥിതി വിശേഷം

**ശ്രീ. വർക്കല കഹാർ** വർക്കല പാപനാശം കടൽത്തീരത്ത് കടൽഭിത്തി കെട്ടുന്നതുമൂലം പിതൃതർപ്പണത്തിനെത്തുന്നവർക്കും വിദേശ ടൂറിസ്റ്റുകൾക്കും ബുദ്ധിമുട്ട് ഉണ്ടാക്കുന്നതുകൊണ്ട് കടൽഭിത്തി നിർമ്മാണം നിർത്തി വയ്ക്കാൻ അടിയന്തിര നിർദ്ദശം നൽകണം.

**ജലവിഭവവകുപ്പുമന്ത്രി (ശ്രീ.ടി.എം.ജേക്കബ്)** കടൽഭിത്തി നിർമ്മാണത്തിന്റെ ഫലമായി എന്തെങ്കിലും ബുദ്ധിമുട്ടുള്ളതായി എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും ബഹുമാനപ്പെട്ട മെമ്പർ ഇക്കാര്യം സഭയിൽ ഉന്നയിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പണി നിർത്തിവയ്ക്കാനുള്ള നിർദ്ദേശം കൊടുക്കാം.

6. അടയ്ക്കാ സംഭരണം ആരംഭിക്കാത്തതിനാൽ കൃഷിക്കാർ നേരിടുന്ന പ്രയാസം

**ശ്രീ.പി.സി.ജോർജ്** അടയ്ക്കാ സംഭരണത്തിന് 10 കോടി രുപ നീക്കി വച്ചിരിക്കുന്നതായി ഗവൺമെന്റ് ഉത്തരവ് ഇറക്കുകയും കാംകോ അടയ്ക്കാ സംഭരിക്കാൻ തയ്യാറാകുകയും ചെയ്തുവെങ്കിലും അവർക്ക് പണം നൽകാത്തതു കൊണ്ട് സംഭരണം നടക്കുന്നില്ല. എത്രയും വേഗം പണം നൽകി അടയ്ക്കാ സംഭരണം

**കൃഷിയും കയറും വകുപ്പുമന്ത്രി (<u>ശ്രീമതി കെ.ആർ ഗൗരിയമ്മ)</u>** 2000–2001–ൽ സ്പെഷ്യൽ പാക്കേജ് അടിസ്ഥാനത്തിൽ 10 കോടി രൂപ അടയ്ക്കാ സംഭരണത്തിന് അനുവദിക്കുകയും 2002–ൽ എഗ്രിമെന്റാകുകയും ചെയ്തുവെങ്കിലും പണം കുറഞ്ഞുപോയിയെന്നു പറഞ്ഞ് കാംകോ പിന്മാറി. ഇപ്പോൾ അടയ്ക്കാ സംഭരിക്കാൻ ഓർഡർ കൊടുത്തിട്ടുണ്ട്, പണവും കൊടുത്തിട്ടുണ്ട്.

ക്രമപ്രശ്നം

<u>മേശപ്പുറത്തു വച്ച കടലാസുകൾ അംഗങ്ങൾക്ക് ലഭ്യമാക്കണമെന്ന ആവശ്യം</u>

**<u>ശ്രീ.കെ.പി. രാജേന്ദ്രൻ:</u>** ഇന്നലെ മുഖ്യമന്ത്രി കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്തെ മന്ത്രിസഭാ തീരുമാനങ്ങൾ സംബന്ധിച്ച ചില രേഖകൾ മേശപ്പുറത്തു വച്ചു. ആ രേഖകൾ വായിക്കാനോ പരിശോധിക്കാനോ ഇതുവരെ അവസരം കിട്ടിയിട്ടില്ല.

**<u>മി. സ്പീക്കർ</u>**: ഇതൊന്നും വായിക്കേണ്ട കാര്യമില്ല. ഇന്നലെ മുഖ്യമന്ത്രി മേശപ്പുറത്തുവച്ച രേഖയുടെ 5 കോപ്പി ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്. ആവശ്യമുള്ള മെംബർമാർക്കും പത്രപ്രതിനിധികൾക്കും പരിശോധിക്കാവുന്നതാണ്.

ക്രമപ്രശ്നം

<u>ചോദ്യത്തിനു നൽകിയ മറുപടി സംബന്ധിച്ച്</u>

**<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u>** 28–1–03–ന് നക്ഷത്രചിഹ്നമിട്ട 15–ാം നംപർ

നിയമസഭാചട്ടം 36(എഫ്) ന് വിരുദ്ധമാണ്. വൃക്കതട്ടിപ്പു കേസുമായി ബന്ധപ്പെട്ട് ഒരു ഒ.പി. ഹൈക്കോടതിയിലുള്ളതുകൊണ്ട് അതുമായി ബന്ധപ്പെട്ട പോലീസ് റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്നത് ശരിയല്ല എന്നാണ് മറുപടി തന്നിരിക്കുന്നത്. ഇത് നിയമസഭാ മെമ്പർമാരുടെ അവകാശം നിഷേധിക്കലാണ്. ചോദ്യം അനുവദിച്ചു കഴിഞ്ഞാൽ അതിന്മേൽ തീരുമാനമെടുക്കേണ്ടത് മന്ത്രിയല്ല, ബഹുമാനപ്പെട്ട സ്പീക്കറാണ്. ബഹുമാനപ്പെട്ട സ്പീക്കർ അത് പരിശോധിക്കണം.

**<u>മി. സ്പീക്കർ</u>:** ഇത് പരിശോധിക്കാനൊന്നുമില്ല. ചോദ്യം അനുവദിച്ചാൽ മന്ത്രിക്ക് മറുപടി പറയാനുള്ള അവകാശമുണ്ട്. മന്ത്രിമാർ വായിക്കുന്ന ഡോക്കുമെന്റ് പോലും മേശപ്പുറത്തുവയ്ക്കണമെന്ന് പറയാൻ ചെയറിന് കഴിയിയുകയില്ല.

## പ്രത്യേക പരാമർശം

### <u>പാചക വാതക വിതരണത്തിലെ പ്രതിസന്ധി</u>

**<u>ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:</u>** സംസ്ഥാനത്ത് പാചക വാതക വിതരണത്തിൽ കഴിഞ്ഞ ഒന്നരമാസക്കാലമായി കടുത്ത പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര പെട്രോളിയം മന്ത്രിയുമായി ബന്ധപ്പെട്ട് ഈ പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കണം.

## ഗവർണ്ണർ നടത്തിയ പ്രസംഗത്തിലെ തിരുത്ത്

**മുഖ്യമന്ത്രി (<u>ശ്രീ. എ.കെ. ആന്റണി</u>):** കേരള ഗവർണ്ണർ 2003 ജനുവരി 24-ാം തീയതി സഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിലെ 45-ാം ഖണ്ഡികയിൽ ''ലോവർ മീനുംകുട്ടി'' എന്നത് ''ലോവർ മീൻമുട്ടി'' എന്ന് തിരുത്തിയ സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുന്നു.

## റിപ്പോർട്ട് സമർപ്പണം

(1) [illegible]

(2) പട്ടികജാതി–പട്ടികവർഗ്ഗക്ഷേമ സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

## അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പതിന്നാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(2002–ലെ കേരള വിവാഹ ധൂർത്തും ആർഭാടവും നിരോധന ബില്ലിന്റെ അവതരണാനുമതിക്ക് നോട്ടീസ് നൽകിയിരുന്ന അംഗം സഭ.യിൽ ഹാജരാകാതിരുന്നതിനാൽ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല)

1. <u>വിദ്യാർത്ഥികൾക്കും പ്രായപൂർത്തിയാകാത്തവർക്കും മദ്യം നൽകുന്നതും അവർ മദ്യപാനം ചെയ്യുന്നതും നിരോധിക്കുന്നതിനുള്ള 2002–ലെ കേരള ബിൽ</u>

**<u>ശ്രീ. ടി.എൻ. പ്രതാപൻ:</u>** വിദ്യാർത്ഥികൾക്കും പ്രായപൂർത്തിയാകാത്തവർക്കും മദ്യം നൽകുന്നതും അവർ മദ്യപാനം ചെയ്യുന്നതും നിരോധിക്കുന്നതിനുള്ള 2002–ലെ കേരള ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

**<u>ശ്രീ. പി. ജെ. ജോയി</u>** : പ്രമേയത്തെ പിന്താങ്ങുന്നു.

**ഇൻഫർമേഷനും പാർലമെന്ററി കാര്യവുംവകുപ്പുമന്ത്രി <u>(ശ്രീ. എം.എം.ഹസ്സൻ):</u>** ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു. ഈ ബില്ലിലെ ഉള്ളടക്കം വളരെ സദുദ്ദേശപരമായിട്ടുള്ളതാണ്. വിദ്യാർത്ഥികളുടെയും യുവതലമുറകളുടെയും ഇടയിൽ മദ്യപാനത്തിന്റെയും മയക്കുമരുന്നിന്റെയും ആസക്തി വളരെ വ്യാപകമാകുന്നു എന്നുള്ള പരാതി നിലനില്ക്കുന്ന സാഹചര്യത്തിൽ ഇത്തരം ഒരു ബില്ലിന് പ്രസക്തിയുണ്ട്. സിനിമയും ടെലിവിഷൻ പരിപാടികളും യുവതലമുറയെ മദ്യപാനത്തിനും മയക്കുമരുന്നിനും അടിമകളാക്കുന്നുവെന്നുള്ള വ്യാപകമായ

വിമർശനം ഉയർന്നുവന്നിട്ടുണ്ട്. നിലവിലുള്ള അബ്കാരി നിയമത്തിൽ മദ്യം വിതരണം ചെയ്യുന്നത് തടയുന്നതിനുള്ള വ്യക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഈ ബിൽ നിയമപരമായി അനുവദിക്കുവാൻ സാദ്ധ്യമല്ല. യുവതലമുറ വഴി തെറ്റിപോകുന്ന പ്രവണതയ്ക്കെതിരെ അവരെ ബോധവൽക്കരിക്കുവാൻ വേണ്ടി അദ്ദേഹം പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഗവൺമെന്റ് ഗൗരവമായി കണക്കിലെടുക്കുന്നതാണ്.

**<u>ശ്രീ. ടി.എൻ. പ്രതാപൻ</u>**: ബില്ലിന്റെ ഉദ്ദേശശുദ്ധിയെ അംഗീകരിച്ച മന്ത്രിയേയും ഗവൺമെന്റിനേയും അഭിനന്ദിക്കുന്നു. ബിൽ സഭയിൽ ചർച്ച ചെയ്ത് അംഗീകരിച്ച് നിയമമാക്കാൻ തയ്യാറാകാത്തതിൽ ഖേദം പ്രകടിപ്പിക്കുകയും ചെയ്യുന്നു. മദ്യത്തിന്റെ വില്പനയിലും ഉപഭോഗത്തിലും നമ്മുടെ സംസ്ഥാനം ഇപ്പോൾ വളരെ ഉയർന്ന സ്ഥാനത്തുനില്ക്കുന്നു. പുതിയ തലമുറയിൽ മഹാഭൂരിപക്ഷം വരുന്ന കുട്ടികളും മദ്യപാനത്തിനും മയക്കുമരുന്നിനും അടിമകളാണ്. മാദ്ധ്യമങ്ങൾ, സിനിമ, ടെലിവിഷൻ തുടങ്ങിയ മീഡിയാകളുടെ പ്രചരണം ഇതിൽ മുഖ്യപങ്ക് വഹിക്കുന്നു. 18 വയസ്സ് തികയാത്ത ആർക്കും മദ്യം കൊടുക്കാൻ പാടില്ല. അങ്ങനെ മദ്യം കൊടുക്കുന്ന മദ്യശാലകളുടെ ലൈസൻസ് ക്യാൻസലാക്കുകയും ഇത്തരം സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയും ഇവരെ മാതൃകാപരമായി ശിക്ഷിക്കുകയും ചെയ്യുന്നതിന് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നാളത്തെ സമൂഹത്തിന്റെ ഉത്തമാംശമായിത്തീരേണ്ട ഇന്നത്തെ വിദ്യാർത്ഥികളും യൗവനപ്രാപ്തിയിലേയ്ക്ക് കാലൂന്നുന്നവരും മദ്യപാനികളും മദ്യാസക്തരുമായിത്തീരുന്നത് നാടിനെ നാശത്തിലേയ്ക്ക് നയിക്കും. ഈ പ്രവണതയ്ക്ക് തടയിടേണ്ടത് അനിവാര്യമാണ്.. ബഹുമാനപ്പെട്ട മന്ത്രി വീണ്ടും ഇതിനെക്കുറിച്ച് ഒരു പുനർചിന്തനം നടത്തി ഈ ബിൽ നിയമമാക്കണം. കേരളത്തിലെ സമസ്ത മേഖലകളിലുമുള്ള ജനവികാരം കണക്കിലെടുത്ത് ഈ ഗൗരവതരമായ പ്രശ്നം അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ ഗവൺമെന്റ് ഉൾക്കൊള്ളണം.

(ചർച്ച തുടരും)

(2002–ലെ കേരള സ്വകാര്യ സെക്യൂരിറ്റി തൊഴിലാളി ക്ഷേമനിധി ബില്ലിന്റേയും, 2002–ലെ കേരള കവുങ്ങ് (അടയ്ക്ക) കർഷക ക്ഷേമനിധി ബില്ലിന്റേയും, 2002–ലെ കേരള ഗർഭസ്ഥ ശിശുവിന്റെ ലിംഗനിർണ്ണയ നിരോധന ബില്ലിന്റേയും, 2002–ലെ പമ്പാനദി സംരക്ഷണ അതോറിറ്റി രൂപീകരണ ബില്ലിന്റേയും അവതരണാനുമതിക്ക് നോട്ടീസ് നൽകിയിരുന്ന അംഗം സഭയിൽ ഹാജരില്ലാതിരുന്നതിനാൽ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.)

2. <u>2003–ലെ തൃശൂർ കോൾ വികസന അതോറിറ്റി ബിൽ</u>

**<u>ശ്രീ.കെ.പി.രാജേന്ദ്രൻ</u>:** 2003–ലെ തൃശൂർ കോൾ വികസന അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

**<u>ശ്രീ.കോടിയേരി ബാലകൃഷ്ണൻ</u>:** പ്രമേയത്തെ പിന്താങ്ങുന്നു.

**ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി(<u>ശ്രീ.എം.എം.ഹസ്സൻ</u>):** ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു. തൃശൂർ കോൾനിലങ്ങളുടെ സവിശേഷ പ്രാധാന്യം കണക്കിലെടുത്ത് അവയുടെ സംരക്ഷണത്തിനും വികസനത്തിനുമായി 1992 മുതൽ തൃശൂർ കോൾ വികസന ഏജൻസി പ്രവർത്തിച്ചു വരുന്നുണ്ട്. കേരള ലാന്റ് ഡവലപ്പ്മെന്റ് കോർപ്പറേഷനും കൃഷി വകുപ്പുമായി സഹകരിച്ച് കോൾനിലങ്ങളുടെ വികസനത്തിന് ബഹുമുഖമായ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. കോൾ വികസന പദ്ധതിയുടെ ഒന്നാം ഘട്ടം നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്നു. രണ്ടാംഘട്ട വികസനത്തിനായി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

തൃശൂർ കോൾ നിലങ്ങളുടെ വികസനത്തിന് പത്ത് വർഷമായി ഒരു ഏജൻസി പ്രവർത്തിച്ചു വരുന്ന പശ്ചാത്തലത്തിൽ പുതിയ ഒരു അതോറിറ്റി ഇപ്പോൾ രൂപീകരിക്കുന്നതിന് പ്രസക്തിയില്ല. ബില്ലിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പല കാര്യങ്ങളും നിലവിലുള്ള ഏജൻസിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുള്ളവയാണ്. കോൾ നിലങ്ങളുടെ വികസനത്തിന് ബഹുമാനപ്പെട്ട മെമ്പർ കാണിക്കുന്ന താൽപ്പര്യത്തെ ഗവൺമെന്റ് സ്വാഗതം ചെയ്യുന്നു. ഇക്കാര്യത്തിലുള്ള അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഗവൺമെന്റ് ഗൗരവമായി പരിഗണിക്കുന്നതാണ്.

**<u>ശ്രീ.കെ.പി. രാജേന്ദ്രൻ</u>:** നിലവിലുള്ള കോൾ വികസന ഏജൻസി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്തതായതുകൊണ്ട് ഈ സമിതിക്ക് വളരെയേറെ പരിമിതികളുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റും അതിനുമുമ്പുള്ള യു.ഡി.എഫ്. ഗവൺമെന്റും തൃശൂർ കോൾനില വികസന കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തിയിരുന്നുവെങ്കിലും കഴിഞ്ഞ ഇരുപത് മാസക്കാലമായി തികഞ്ഞ അവഗണനയാണ് ഈ മേഖലയിൽ ഉണ്ടായിട്ടുള്ളത്. ഗവൺമെന്റ് കൂടുതൽ ശ്രദ്ധ

ചെലുത്തിയില്ലെങ്കിൽ കോൾവികസന ഏജൻസിക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുകയില്ല. ഈ സാഹചര്യത്തിൽ കോൾ വികസന ഏജൻസിയെ നിയമപരമായ അധികാരങ്ങളോടുകൂടിയ ഒരു സ്റ്റാറ്റ്യൂട്ടറി സംവിധാനമായി മാറ്റണം. കോൾ നിലങ്ങളിൽ ഇരുപ്പൂ കൃഷി ചെയ്യാനുള്ള ഉദ്ദേശത്തോടെ ചിമ്മിണി ഡാം നിർമ്മിച്ചത് കർഷകരിൽ ആത്മവിശ്വാസം വളർത്തിയിരുന്നു. കോൾനിലങ്ങളിൽ നെല്ല് വിളയുകയെന്നു പറഞ്ഞാൽ രാജ്യത്ത് സമ്പത്തുണ്ടാവുകയാണ്. തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കും. അനുബന്ധ മേഖലയിലും തൊഴിലവസരങ്ങളുണ്ടാവും. നെല്ലുൽപ്പാദനവും കർഷകത്തൊഴിലാളികളുടെ തൊഴിൽദിനങ്ങളും കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ കോൾനിലങ്ങളിൽ ഇരുപ്പൂ കൃഷി ചെയ്യാനുള്ള സംവിധാനം എത്രയും വേഗം യാഥാർത്ഥ്യമാക്കണം. കരിവണ്ണൂർ പുഴയിൽനിന്ന് ഏനമാവു കായലി

സ്കീമിലേയ്ക്ക് കൊടുത്താൽ തൃശൂരിലെ കോൾ നിലങ്ങൾക്ക് വെള്ളം കിട്ടുകയില്ല. സമീപത്തുള്ള നാല്പത് പഞ്ചായത്തുകളിലെ ജലസ്രോതസ് കൂടിയാണിത്. തൃശൂരിലെ കോൾ നിലങ്ങളിൽ വെള്ളമുണ്ടെങ്കിലേ ചുറ്റുമുള്ള കിണറുകളിലും കുളങ്ങളിലും വെള്ളം ലഭിക്കുകയുള്ളൂ. നദികളിലെ വെള്ളം കച്ചവടം ചെയ്യുന്നത് കൃഷിക്കാരോട് കാണിക്കുന്ന ഏറ്റവും വലിയ ദ്രോഹമായിരിക്കും. മലമ്പുഴയിലെ വെള്ളം ലഭിച്ചില്ലെങ്കിൽ പാലക്കാട് ജില്ല ഉണങ്ങി വരളും. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലും തൃശൂർ ജില്ലയെ അവഗണിച്ചിരിക്കുകയാണ്. തൃശൂരിനോടുള്ള അവഗണന മാറ്റിവച്ച് നെൽക്കൃഷിമേഖലയാണ് ഏറ്റവും പ്രധാനപ്പെട്ട മേഖല എന്നുള്ളനിലയിൽ ആ രംഗത്ത് കൂടുതൽ ശ്രദ്ധപതിപ്പിക്കുകയും നിയമപരമായി കോൾ നിലങ്ങളെ സംരക്ഷിക്കാൻ ആവശ്യമായ രീതിയിലുള്ള നിയമനിർമ്മാണം നടത്തുകയും ചെയ്യണം.

(ചർച്ച തുടരും)

3. <u>2002–ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ</u>

**<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u>** 2002–ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

**<u>ശ്രീ. കെ.പി. രാജേന്ദ്രൻ:</u>** പ്രമേയത്തെ പിന്താങ്ങുന്നു.

**ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എം.ഹസ്സൻ):</u>** ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു. സംസ്ഥാനത്തെ അൺ–എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കാനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബില്ലാണിത്. കേരളത്തിന്റെ വിദ്യാഭ്യാസമേഖലയിൽ അൺ–എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രധാന പങ്ക്

വഹിച്ചിട്ടുണ്ട്. സർക്കാരിന്റെ വ്യവസ്ഥകൾക്കും നിർദ്ദേശങ്ങൾക്കും വിരുദ്ധമായിട്ട് ഏത് അൺ-എയിഡഡ് സ്ഥാപനങ്ങൾ പ്രവർത്തിച്ചാലും അവയെ നിയന്ത്രിക്കാൻ ഗവൺമെന്റിന് അധികാരമുണ്ട്. അതിനുവേണ്ടി ഒരു റഗുലേഷൻ കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ ബില്ലിലെ വ്യവസ്ഥകൾകൂടി ആ നിയമത്തിൽ ഉൾപ്പെടുത്താൻ ഗവൺമെന്റിന് ആഗ്രഹമുള്ളതിനാൽ ഈ ബില്ലിന് പ്രസക്തിയില്ല.

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ:** വിദ്യാഭ്യാസ നിയമത്തിൽ കാലോചിതമായ മാറ്റം അനിവാര്യമാണ്. അൺ-എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥി കളുടെ പ്രവേശനത്തിലോ അദ്ധ്യാപകരുടെ നിയമനത്തിലോ യാതൊരു നീതിയും പുലർത്തുന്നില്ല. ഈ സാഹചര്യത്തിൽ വിദ്യാഭ്യാസ നിയമത്തിലെ സെക്ഷൻ 2, 19, 20, 36 എന്നിവയ്ക്കുള്ള ഭേദഗതികളാണ് നിർദ്ദേശിക്കുന്നത്. കേരളത്തിൽ സ്വകാര്യ സ്ഥാപനങ്ങളാണ് ഇന്ന് വിദ്യാഭ്യാസമേഖലയെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത്. അദ്ധ്യാപകർക്ക് കൃത്യമായി ശമ്പളം നൽകാതെ അവരെ ചൂഷണം ചെയ്തുകൊണ്ടി രിക്കുന്ന ധാരാളം മാനേജ്മെന്റുകൾ ഇന്ന് കേരളത്തിലുണ്ട്. ആ ചൂഷണത്തിൽനിന്ന് അദ്ധ്യാപകരെ രക്ഷിക്കാൻ നിയമത്തിൽ ഭേദഗതി വേണം. കേരളത്തിലെ അൺ-എയിഡഡ് സ്കൂളുകളിലെയും കോളേജുകളിലെയും അദ്ധ്യാപകർക്ക് കൃത്യമായി ശമ്പളം ലഭിക്കാതെ അവർ കടുത്ത ചൂഷണത്തിന് വിധേയരാവുകയാണ്. സാമൂഹ്യ സേവനം ലക്ഷ്യമാക്കി നടത്തിയിരുന്ന വിദ്യാഭ്യാസമേഖല ഇന്ന് കച്ചവട മേഖലയായി മാറിയിരിക്കുന്നു. സാധാരണ സുപ്രീംകോടതിയിൽ സർക്കാരിനുവേണ്ടി ഒരു കേസ് വന്നാൽ അഡ്വക്കേറ്റ് ജനറലാണ് വാദിക്കേണ്ടത്. സ്വാശ്രയ കോളേജു കളിലെ പ്രവേശനം സംബന്ധിച്ച കേസ് സുപ്രീംകോടതിയിൽ വാദിക്കാൻ സർക്കാരിനു വേണ്ടി അഡ്വക്കേറ്റ് ജനറൽ ഹാജരായില്ല. നിയമ വകുപ്പിലെ ചില ഉദ്യോഗസ്ഥരാണ് ഈ കേസ് കൈകാര്യം ചെയ്തത്. പ്രഗത്ഭരായ അഭിഭാഷകരെ നിയമ വകുപ്പ് സുപ്രീംകോടതിയിൽ ഹാജരാക്കിയില്ല. അതുകൊണ്ട് മാനേജുമെന്റിനുവേണ്ടി സുപ്രീം

കോടതിയിലെ പ്രഗത്ഭരായ അഡ്വക്കേറ്റ്സ് ഹാജരായി അവർക്ക് അനുകൂലമായി വിധി സമ്പാദിക്കുകയാണ് ചെയ്തത്. എയിഡഡ് കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച് 1992-ൽ ഡൽഹി സെന്റ് സ്റ്റീഫൻസ് കോളേജ് കേസിന്മേൽ സമ്പാദിച്ച വിധി കേരളവും നടപ്പാക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇതുപ്രകാരം 80 ശതമാനം മെരിറ്റും 20 ശതമാനം മാനേജുമെന്റ് ക്വാട്ടയുമാണ്. എന്നാൽ ഹൈക്കോടതിയിൽ അഡ്വക്കേറ്റ് ജനറലിനുപകരം അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ഹാജരായി വാദിച്ചതിൽ പരാജയപ്പെട്ടതുമൂലം 80 ശതമാനം മെരിറ്റ് എന്നത് മാനേജുമെന്റ് സീറ്റായി മാറി. ഇതുമൂലം സംവരണതത്വംപോലും അട്ടിമറിക്കപ്പെട്ടു. ഇതിന്റെ ഫലമായി സ്വകാര്യ കോളേജുകൾക്ക് ഇഷ്ടംപോലെ പ്രവർത്തിക്കാനുള്ള സാഹചര്യ മൊരുക്കികൊടുത്തു. നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് കൊടുക്കുന്ന സമയത്ത് മാനേജുമെന്റുമായി സർക്കാർ എഗ്രിമെന്റ് വയ്ക്കാത്തതിന്റെ ഫലമായി നേഴ്സറി തലത്തിൽപോലും പ്രവേശനത്തിന് 25000 രൂപവരെ വാങ്ങാമെന്ന സ്ഥിതിയിലെത്തി യിരിക്കുകയാണ്. ഇത്തരം സ്ഥാപനങ്ങൾ നടത്താൻ അനുവദിക്കരുത്. ഇവ ആരംഭിക്കുവാൻ അനുമതി കൊടുക്കുന്നതിനുമുമ്പ് അദ്ധ്യാപകരുടെ ശമ്പളം ഉറപ്പ് വരുത്തുന്നതിനായി അവരുടെ ഒരു വർഷത്തേയ്ക്കുള്ള ശമ്പളം അഡ്വാൻസായി ട്രഷറിയിൽ നിക്ഷേപിക്കുന്നതിനുള്ള ഒരു വ്യവസ്ഥകൂടി എഗ്രിമെന്റിൽ ഉൾപ്പെടുത്താൻ സർക്കാർ തയ്യാറാകണം. സംവരണതത്വവും മെറിറ്റും പാലിച്ചുകൊണ്ട് മാത്രമേ വിദ്യാർത്ഥി പ്രവേശനം നടത്താൻ പാടുള്ളൂവെന്നും വ്യവസ്ഥ ചെയ്യണം. ഈ സമ്മേളനം തീരുന്നതിനുമുമ്പുതന്നെ ഇതിലേക്ക് ഒരു നിയമനിർമ്മാണം കൊണ്ടുവരണം.

(ചർച്ച തുടരും.)

## 4. 2002ലെ കേരള സംസ്ഥാന പുരാതന-പൈതൃക സ്വത്തുക്കൾ സംരക്ഷണ ബിൽ

**ശ്രീ. എ.സുജനപാൽ** : 2002-ലെ കേരള സംസ്ഥാന പുരാതന-പൈതൃക സ്വത്തുക്കൾ സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം

**<u>ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ</u>** : പ്രമേയത്തെ പിൻതാങ്ങുന്നു.

**ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി <u>(ശ്രീ.എം.എം. ഹസ്സൻ)</u>** : പ്രമേയത്തെ എതിർക്കുന്നു. സാംസ്കാരിക തനിമ വിളിച്ചോതുന്ന നിരവധി ഭവനങ്ങളും മനകളും മന്ദിരങ്ങളും മറ്റു വാസ്തുശിൽപ മാതൃകകളും സംരക്ഷിക്കപ്പെടണമെന്നുള്ളത് നമ്മുടെ സംസ്ക്കാരത്തെക്കുറിച്ച് അഭിമാനിക്കുന്ന എല്ലാ പേരുടെയും ആഗ്രഹവും അഭിലാഷവുമാണ്. എന്നാൽ സാമ്പത്തിക നേട്ടങ്ങൾക്കുള്ള വ്യഗ്രതകൊണ്ട് പലപ്പോഴും പാരമ്പര്യത്തിന്റെ പ്രതീകമായിട്ടുള്ള ഇത്തരം കെട്ടിടങ്ങൾ വിൽക്കപ്പെടുകയും പൊളിച്ചുമാറ്റപ്പെടുകയും ചെയ്യുന്നുണ്ട്. ഈ പ്രതിഭാസത്തിന് വിരാമം കുറിക്കുന്നതിനും പാരമ്പര്യത്തിന്റേയും സംസ്ക്കാരത്തിന്റേയും ഈ പ്രതീകങ്ങൾ സംരക്ഷിക്കുന്നതിനുംവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം 19–4–2002–ലെ ഒരു ഉത്തരവ് അനുസരിച്ച് പാരമ്പര്യ സാംസ്കാരിക മേഖലകളെ തനിമയോടെ സംരക്ഷിച്ച് നിലനിറുത്തുക എന്ന ലക്ഷ്യത്തോടെ ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി കേരള നിർമ്മാണ ചട്ടങ്ങളിൽ ഈ ബില്ലിൽ പരാമർശിച്ചിട്ടുള്ളതിന് സമാനമായ ഭേദഗതികളും ഉൾക്കൊള്ളിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ പൈതൃക സ്വത്തുക്കൾ സംരക്ഷണ മേഖലയിൽ ഒരു പ്രത്യേക നിയമം ഉണ്ടാക്കേണ്ടതിന്റെ ആവശ്യമില്ല.

**<u>ശ്രീ.എ. സുജനപാൽ</u>** : ബില്ലിന്റെ അടിസ്ഥാന സമീപനങ്ങളോട് ഗവൺമെന്റ് അനുഭാവപൂർവ്വമായ പരിഗണനയാണ് കാണിച്ചിട്ടുള്ളത്. കേരളത്തിൽ പുരാതന–പൈതൃക സ്വത്തുക്കൾ സംരക്ഷിക്കുന്നതിന് നിലവിൽ സംവിധാനമൊന്നുമില്ല. സാംസ്കാരിക തനിമയുള്ള മന്ദിരങ്ങളും മനകളും സ്വകാര്യ വ്യക്തികളുടേതാണെങ്കിലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള അനാസ്ഥമൂലം അവ തകർക്കപ്പെടുന്നു. ഭരണകർത്താക്കളും പൊതുപ്രവർത്തകരും ഈ വിഷയത്തെക്കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. പാരമ്പര്യമായി നാം ആർജ്ജിച്ചിട്ടുള്ള വാസ്തുശാസ്ത്രം നിലനിറുത്താനും ജനങ്ങളെ ഇക്കാര്യത്തിൽ

ബോധവൽക്കരിക്കാനും ഗവൺമെന്റ് മുന്നോട്ടുവരണം.കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശങ്ങളനുസരിച്ച് കെട്ടിട നിർമ്മാണബില്ലിൽ ഭേദഗതി വരുത്തുന്നതിനാവശ്യമായ നടപടി കൈക്കൊള്ളുമെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്. ഇന്ന് ആരും പൈതൃകസ്വത്തുക്കൾ സൂക്ഷിക്കുന്നില്ല. കുടുംബങ്ങൾ ഭാഗിക്കുമ്പോൾ പഴയ കൊട്ടാരങ്ങളും മനകളും പുരാതനങ്ങളായ തറവാട് സ്വത്തുക്കളും പൊളിച്ചുമാറ്റുകയും തകർക്കപ്പെടുകയും പകരം പുതിയ കോൺക്രീറ്റ് കെട്ടിടങ്ങൾ ഉയർന്നുവരുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇന്ന് വികസനത്തെ സംബന്ധിച്ചിടത്തോളം വികലമായ സങ്കൽപ്പങ്ങളാണുള്ളത്. നമ്മുടെ പാരംപര്യങ്ങൾക്ക് അനുയോജ്യമായ വാസ്തുശിൽപരീതി വളർത്തിയെടുക്കേണ്ടതുണ്ട്. അതിന് ടൗൺ പ്ലാനിംഗിൽ തന്നെ അടിസ്ഥാനപരമായ മാറ്റം വരേണ്ടതാണ്. അതുപോലെ പുരാതന കെട്ടിടങ്ങൾ കേരളീയ സംസ്കാരത്തിന്റെ ചൈതന്യവത്തായ ഒരു കാലഘട്ടത്തിന്റെ സ്മാരകങ്ങളായതിനാൽ അവ നിലനിർത്തേണ്ടത് കേരളീയ സംസ്കാരത്തിന്റെ പൈതൃകം ഉയർത്തിപ്പിടിക്കാൻ അനിവാര്യമാണ്. അപൂർവ്വ ചരിത്ര സ്മാരകങ്ങളും അതിന്റെ പൈതൃകവും നിലനിർത്തുന്നതിന് പ്രതിവിധി കണ്ടെത്തണം. .പുരാതന പൈതൃക സ്വത്തുക്കൾ സംരക്ഷിക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകണം. കേരളത്തെ സംബന്ധിച്ചിടത്തോളം ഹെറിറ്റേജ് ടൂറിസം പദ്ധതികളുടെ ഭാഗമായി പഴയ കെട്ടിടങ്ങളും മനകളും സംരക്ഷിക്കപ്പെടണം.

(ചർച്ച തുടരും)

5. 2002–ലെ കേരള പ്രൈവറ്റ് മെഡിക്കൽ സ്ഥാപന (നിയന്ത്രണ കൗൺസിൽ) ബിൽ

**ശ്രീ. കെ. സി. വേണുഗോപാൽ**: 2002–ലെ കേരള പ്രൈവറ്റ് മെഡിക്കൽ സ്ഥാപന (നിയന്ത്രണ കൗൺസിൽ) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

**<u>ശ്രീ. ടി. എൻ. പ്രതാപൻ:</u>** പ്രമേയത്തെ പിൻതാങ്ങുന്നു.

**ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം.എം.ഹസ്സൻ</u>):** ബില്ലിനോട് തത്വത്തിൽ വിയോജിപ്പില്ലെങ്കിലും ബില്ലിന്റെ അവതരണത്തെ എതിർക്കുകയാണ്. ആരോഗ്യപരിപാലന രംഗത്ത് സേവനരംഗത്തെക്കാൾ ലാഭം കൊയ്യുന്ന സ്വകാര്യ ആശുപത്രികളുടെ വളർച്ച നിയന്ത്രിക്കാൻ കഴിയാതെ വരുന്നു എന്നുള്ളത് യാഥാർത്ഥ്യമാണ്. സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ, സഹകരണമേഖലയിലെ ആശുപത്രികൾ എന്നിവ സാമൂഹ്യ സേവന കഴ്ചപ്പാടോടുകൂടി പ്രവർത്തിക്കാൻ ബാദ്ധ്യതയുള്ളതാണ്. സ്വകാര്യആശുപത്രികളെ നിയന്ത്രിക്കുന്നതിനായി നിയമപരമായ നടപടികൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച ബില്ലിന്റെ കരട് രൂപം 1999–ൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമവകുപ്പ് തയ്യാറാക്കി സംസ്ഥാനസർക്കാരിന് അയച്ചുതന്നിട്ടുള്ളത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്രഗവൺമെന്റ് ഇത്തരത്തിൽ ഒരു നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന സാഹചര്യത്തിൽ ഈ ബില്ലിന് പ്രസക്തിയില്ല.

**<u>ശ്രീ. കെ. സി. വേണുഗോപാൽ</u>:** 1999–ൽ കേന്ദ്രഗവൺമെന്റ് ബില്ലിന്റെ കരട് രൂപം അയച്ചുതന്നിട്ടുണ്ട്. 2003 ആയിട്ടും സംസ്ഥാനഗവൺമെന്റിന്റെ തീരുമാനം അറിയിക്കാൻ കഴിയാതെ പോയത് നിർഭാഗ്യകരമാണ്. ആതുര ശുശ്രൂഷാരംഗത്ത് രൂപം കൊള്ളുന്ന സ്വകാര്യ ആശുപത്രികൾ ബ്ലേഡ് കമ്പനികളെക്കാൾ അപകടകാരികളാണ്. സംസ്ഥാനത്തുള്ള സർക്കാർ ആശുപത്രികൾ പാവപ്പെട്ട രോഗികൾക്ക് ആശ്രയമാകത്തക്കവിധത്തിലുള്ള ശക്തമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം സ്വകാര്യ ആശുപത്രികൾക്ക് കടിഞ്ഞാണിട്ടുകൊണ്ട് പൊതുമേഖലയെക്കൂടി ശക്തിപ്പെടുത്തണം. സ്വകാര്യ ആശുപത്രികളിൽ നിരുത്തരവാദപരമായി നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ ശക്തമായ നടപടിയെടുക്കണം.

6. <u>2002–ലെ കേരള സ്വകാര്യ സ്ഥാപനങ്ങൾ (നിയമനങ്ങളിൽ സാമുദായിക സംവരണ തത്വം ഏർപ്പെടുത്തൽ) ബിൽ</u>

<u>**ശ്രീ. ടി. കെ. ദേവകുമാർ**</u>: 2002–ലെ കേരള സ്വകാര്യ സ്ഥാപനങ്ങൾ (നിയമനങ്ങളിൽ സാമുദായിക സംവരണ തത്വം ഏർപ്പെടുത്തൽ) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

<u>**ശ്രീ. കെ. രാധാകൃഷ്ണൻ:**</u> പ്രമേയത്തെ പിന്താങ്ങുന്നു.

**ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എം. ഹസ്സൻ)</u>** പ്രമേയത്തെ എതിർക്കുന്നു. സഹകരണ സംഘങ്ങളിലും സർക്കാരിന്റെ സാംപത്തിക സഹായത്തോടുകൂടി നടത്തുന്ന എയ്ഡഡ് സ്ക്കൂളുകളിലും സാമുദായിക സംവരണം ഏർപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ് ഈ ബിൽ. ഗവൺ മെന്റിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ഇത്തരം ഒരു ബിൽ കൊണ്ടുവരാൻ കഴിയുകയില്ല. ഇതിൽ എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും പ്രസ്ഥാന ങ്ങളുടേയും അഭിപ്രായം ആരായേണ്ടതാവശ്യമാണ്. ഗവൺമെന്റ് അതിന് ആവശ്യമായ ശ്രമം നടത്തുന്നതാണ് എന്നതിനാലാണ് ഈ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നത്.

<u>**ശ്രീ. ടി. കെ. ദേവകുമാർ**</u>: ബഹുമാനപ്പെട്ട മന്ത്രിയുടെ നിലപാടിനോട് യോജിക്കാൻ കഴിയുകയില്ല. സർക്കാരിനെ ഇനി ഒരു മാതൃകാ തൊഴിൽ ദായകനായി കാണാൻ പാടില്ല എന്നുള്ള പ്രഖ്യാപനം ഈ ഗവൺമെന്റ് ബഡ്ജറ്റ് പ്രസംഗത്തിൽക്കൂടി നടത്തിയിരിക്കുകയാണ്. ഇനി കേരളത്തിലെ തൊഴിൽദായകർ

പുത്തൻ സാംപത്തിക പരിഷ്ക്കരണത്തിന്റേയും ഫലമായി പൊതുമേഖലയുടെ പ്രസക്തി തന്നെ ഇപ്പോൾ ഇല്ലാതായിരിക്കുന്നു. സദുദ്ദേശത്തോടെ ആരംഭിക്കുന്ന സ്വകാര്യ സംരംഭങ്ങളെ അംഗീകരിക്കുംപോൾ കേരളത്തിലെ തൊഴിലില്ലാത്തവർക്ക് എങ്ങനെ തൊഴിൽ ലഭിക്കുമെന്നുള്ളത് ഗവൺമെന്റ് ബോദ്ധ്യപ്പെടുത്തണം. പി. എസ്. സി. ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുവാൻ സർക്കാർ നിർബന്ധിതമായ സാഹചര്യത്തെ ക്കുറിച്ച് പുനർചിന്തനം നടത്തണം. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽ നൽകുകയെന്ന ബാദ്ധ്യതയിൽ നിന്നും ഈ ഗവൺമെന്റ് ഒഴിഞ്ഞുമാറിയിരിക്കുകയാണ്. മന്ത്രിമാർ വിദേശരാജ്യങ്ങളിൽ പോയി പ്രോജക്ടുകൾ സമർപ്പിച്ചിട്ടും സ്വകാര്യ നിക്ഷേപകരാരും സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കാൻ മുന്നോട്ടു വരുന്നില്ല. വളരെ ഗൗരവമുള്ള വിഷയമാണ് ഈ ബില്ലിൽക്കൂടി അവതരിപ്പിക്കുന്നത്. ഈ കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കണം. അതുപോലെ സ്വാശ്രയസ്ഥാപനങ്ങളുടെ മാനേജുമെന്റുകൾ നിയമനങ്ങളിൽ സംവരണതത്വം പാലിക്കാതെ യഥേഷ്ടം പ്രവർത്തിക്കുകയാണ്. ഇത് തുടർന്നാൽ സാമൂഹ്യമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ ഈ ഗവൺമെന്റ് നടത്തിവരുന്ന പരിശ്രമം തന്നെ തകിടം മറിക്കപ്പെടും. സാമുദായിക സംവരണം നിലനിർത്തിക്കൊണ്ടുപോകാനുള്ള ബാദ്ധ്യത നിയമസഭയ്ക്കുണ്ട്.

**വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി)** : സംവരണ തത്വങ്ങൾക്കെതിരായി ഈ ഗവൺമെന്റ് ഒരു നീക്കവും പ്രഖ്യാപനവും നടത്തിയിട്ടില്ല. നിലവിലുള്ള സംവരണം അതേപടി സംരക്ഷിക്കുമെന്ന് ഗവൺമെന്റ് വ്യക്തമാക്കിയിട്ടുണ്ട്.

(ചർച്ച തുടരും)

ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച

1. 2001–ലെ എം. കെ. നംപ്യാർ നാഷണൽ ഓപ്പൺ യൂണിവേഴിസിറ്റി ഓഫ് ലീഗൽ സയൻസസ് ബിൽ
(ശ്രീ. എം. മുരളി നോട്ടീസ് നൽകിയത്)

(ചർച്ച തുടർച്ച)

{**ശ്രീ. എം. മുരളി:** ഏഴ് വർഷം മുൻപ് ബഹുമാനപ്പെട്ട എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിൽ അന്നത്തെ നിയമവകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. എം. മാണി ഇത്തരമൊരു ബിൽ സഭയിൽ സർക്കുലേറ്റുചെയ്യുകയും 9–ാം കേരള നിയമസഭ പിരിച്ചുവിട്ടതിനെത്തുടർന്ന് ആ ബിൽ ലാപ്സാകുകയും ചെയ്തിരുന്നു. കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ഇത്തരം ഒരു ബില്ലിന് അവതരണാനുമതി തേടുകയുണ്ടായി. ഈ ബില്ലിന്റെ കാര്യത്തിൽ ഗവൺമെന്റ് പോസിറ്റീവായിട്ടുള്ള സമീപനം സ്വീകരിക്കണം. എം. കെ. നംപ്യാരുടെ പുത്രൻ ശ്രീ. കെ. കെ. വേണുഗോപാൽ രൂപം നൽകിയ എം. കെ. നംപ്യാർ ട്രസ്റ്റ് കേന്ദ്ര ഗവൺമെന്റിന്റേയും സംസ്ഥാന ഗവൺമെൻറിന്റേയും മറ്റും സംയുക്തമായ നേതൃത്വത്തിൽ ലോക പ്രശസ്ത അഡ്വക്കേറ്റായ എം. കെ. നംപ്യാരുടെ സ്മരണ നിലനിർത്തുന്നതിനായി കേരളത്തിൽ കൊച്ചി കേന്ദ്രമാക്കി ഒരു ലീഗൽ യൂണിവേഴ്സിറ്റി രൂപീകരിക്കാൻ 7 വർഷത്തിന് മുൻപ് തീരുമാനമെടുക്കുകയും സ്റ്റേറ്റ് ഗവൺമെന്റ് അതിനാവശ്യമായ സ്ഥലം തരികയാണെങ്കിൽ ബാർ കൗൺസിൽ ഓഫ് ഇൻഡ്യാ ട്രസ്റ്റും എം. കെ. നംപ്യാർ ട്രസ്റ്റും മുൻകൈയെടുത്തുകൊണ്ട് അതിന്റെ സാംപത്തിക കാര്യങ്ങൾ നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയതുമാണ്. അന്ന് ലീഗൽ യൂണിവേഴ്സിറ്റിയുടെ ബിൽഡിംഗിനുവേണ്ടി ആറുകോടി രൂപ ശ്രീ. കെ. കെ. വേണുഗോപാൽ ഓഫർ ചെയ്തു. എന്നാൽ കഴിഞ്ഞ സർക്കാർ ഈ കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചില്ല. യു.ഡി.എഫ്. ഗവൺമെന്റ് 1996–ൽ സർക്കുലേറ്റ് ചെയ്ത ബിൽ ലാപ്സായതിനു ശേഷം വീണ്ടും ഈ നിർദ്ദേശം മുന്നോട്ടുവച്ചെങ്കിലും അത് സ്വീകരിക്കപ്പെട്ടില്ല. 1996–ലെ ബില്ലിൽ കുറച്ച് മാറ്റങ്ങൾ വരുത്തിക്കൊണ്ട്,

ഉൾക്കൊണ്ടുകൊണ്ടാണ് ഈ ബില്ലിന് രൂപം കൊടുത്തിട്ടുള്ളത്. കേരളത്തിലെ ലാ കോളേജുകളെ സെന്റേഴ്സ് ഓഫ് എക്സലൻസ് ആക്കണം. കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റങ്ങൾ ഇതിൽ ഉൾക്കൊള്ളണം. സാധാരണ ജനങ്ങൾക്ക് നിയമപഠനം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഇത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. എം.കെ. നമ്പ്യാർ നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയിൽ എ.കെ.ജി. യുടേയും എം.കെ.നമ്പ്യാരുടേയും നാമധേയത്തിൽ കോൺസ്റ്റിറ്റ്യൂഷണൽ ലായിൽ ഓരോ ചെയറും വി.കെ. കൃഷ്ണമേനോന്റെ നാമധേയത്തിൽ ഇന്റർനാഷണൽ ലായിൽ ഒരു ചെയറും സ്ഥാപിക്കണം. എം.കെ.നംപ്യാരുടെ പേരിലുള്ള ട്രസ്റ്റ് മുന്നോട്ടു വച്ച ഓഫർ സ്വീകരിച്ച് അനന്തര നടപടികൾ കൈക്കൊള്ളുകയോ അതിന് പ്രയാസമുണ്ടെങ്കിൽ പകരം ഒരു നാഷണൽ ലാ യൂണിവേഴ്സിറ്റി സ്ഥാപിക്കുകയോ ചെയ്യണം.

**ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി <u>(ശ്രീ.എം.എം. ഹസ്സൻ):</u>** ഭരണഘടനാവിദഗ്ദ്ധനായ എം. കെ. നംപ്യാരുടെ സ്മാരകമായി നാഷണൽ ലാ യൂണിവേഴ്സിറ്റി സ്ഥാപിക്കണമെന്ന നിർദ്ദേശം ശ്രീ. എ.കെ. ആന്റണിയുടെ നേതൃത്വത്തിൽ അധികാരത്തിൽ വന്ന ഗവൺമെന്റ് അംഗീകരിച്ചുവെങ്കിലും പിന്നീട് അതിന്റെ തുടർനടപടികൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോയില്ല. എം.കെ. നമ്പ്യാരുടെ പേരിൽ ഒരു ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കാനുള്ള ഓഫർ ഇപ്പോൾ കേരളാഗവൺമെന്റിന് മുന്നിൽ കൊണ്ടുവരികയാണെങ്കിൽ ഗവൺമെന്റ് അത് നിരസിക്കയില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നാഷണൽ സ്കൂൾ ഓഫ് ലായുടെ മാതൃകയിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് കൊച്ചിയിൽ ആരംഭിച്ചിട്ടുണ്ട്. അതിന് ആവശ്യമായ സ്ഥലം ഗവൺമെന്റ് തന്നെ നൽകിയിരുന്നു. ബാംഗ്ലൂരിലെ നാഷണൽ സ്കൂൾ ഓഫ് ലാ ഒരു വേൾഡ് ക്ലാസ് ലീഗൽ ഇൻസ്റ്റിറ്റ്യൂട്ടാണ്. അവിടെ ഇന്റർ നാഷണൽ ലാ ആണ് സ്പെഷ്യലൈസ് ചെയ്തിരിക്കുന്നത്. ഉദാരവൽക്കാരണത്തിന്റേയും മറ്റും ഫലമായി ലോകരാജ്യങ്ങൾ തമ്മിൽ ഇടപാടുകൾ വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇന്റർ നാഷണൽ ലായ്ക്ക് പ്രാധാന്യമുണ്ട്. ശ്രീ.കെ.കെ. വേണുഗോപാൽ വീണ്ടും ആ ഓഫർ തന്നാൽ എന്തു സഹായവും ചെയ്യാൻ

ഗവൺമെന്റ് തയ്യാറാണ്. മേൽപ്പറഞ്ഞ കാരണങ്ങളാൽ ഈ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ബഹുമാനപ്പെട്ട മെമ്പർ പ്രസ് ചെയ്യരുതെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. എം. മുരളി അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2. <u>2002–ലെ കേരള സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ബിൽ</u>
(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ നോട്ടീസ് നൽകിയത്)

(ചർച്ച തുടർച്ച)

**ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:** ഉന്നത വിദ്യാഭ്യാസരംഗത്ത് ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനും ആസൂത്രണം, വികസനം എന്നിവയ്ക്ക് നേതൃത്വം നൽകുന്നതിനും ഒരു ലിങ്കിംഗ് ഫാക്ടർ ആവശ്യമാണ്. മാറിവരുന്ന സാമൂഹ്യ–സാമ്പത്തിക ഘടനയോടൊപ്പം ഈ നാട്ടിലെ യുവതലമുറയ്ക്ക് നേതൃത്വം കൊടുക്കാനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും ഒരു ലിങ്കിംഗ് ഫാക്റ്റർ എന്നുള്ള നിലയിൽ ഇത്തരം ഒരു കൗൺസിലിന് വളരെ പ്രസക്തിയുണ്ട്. ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലു മുള്ളതുപോലെ കേരളത്തിലും ഹയർ എഡ്യൂക്കേഷൻ കൗൺസിൽ എത്രയുംപെട്ടെന്ന് രൂപീകരിക്കണം. സാമുദായികവും സാമ്പത്തികവുമായ മാറ്റങ്ങൾക്കനുസരിച്ച് വിദ്യാഭ്യാസരംഗത്തും മൗലികമായ മാറ്റത്തിന് പര്യാപ്തമായ വിധത്തിൽ ഹയർ എഡ്യൂക്കേഷൻ കൗൺസിലിന് രൂപം കൊടുക്കണം. ലോക കമ്പോളത്തിൽ ഉദ്യോഗ രംഗങ്ങളിൽ വന്നിരിക്കുന്ന മാറ്റങ്ങൾക്കനുസരിച്ചുള്ള വിദ്യാഭ്യാസം കേരളത്തിലെ വിദ്യാർത്ഥികൾക്കും നൽകണം. സ്വാശ്രയ കോളേജുകളെ ഒരു പരിധിവരെ നിയന്ത്രിക്കുകയും അവയുടെ വിദ്യാഭ്യാസ നിലവാരം ഉറപ്പുവരുത്തുകയുംചെയ്യണം. പ്രാദേശിക അസമത്വം പരിഹരിച്ച് പിന്നോക്കവിഭാഗങ്ങൾക്കും പിന്നോക്ക പ്രദേശ ങ്ങൾക്കും മുൻഗണനകൊടുത്ത്

ഗ്രേഡ് ചെയ്യാനുള്ള സംവിധാനമുണ്ടാകണം. ഇത്തരം സ്ഥാപനങ്ങൾ അനുവദിക്കുമ്പോൾ ഗവൺമെന്റിന് കോളേജുകളുടെ പ്രവർത്തനത്തിൽ ഒരു റോൾ ഉണ്ടായിരിക്കണം. അദ്ധ്യാപകർക്ക് കൊടുക്കുന്ന വേതനത്തിന് അനുസരിച്ച് അവർ ജോലി ചെയ്യുന്നുണ്ട് എന്നുള്ള കാര്യം ഉറപ്പു വരുത്തണം. നിലവിലുള്ള കോഴ്സുകൾ റീ–സ്ട്രക്ചർ ചെയ്യണം. തിയറി ഓറിയന്റഡ് സബ്ജക്ടിനുപകരം ഇവിടെ തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങുന്നതിനെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കണം. ഫീൽഡുമായി ബന്ധപ്പെട്ടുള്ള പഠനങ്ങൾക്ക് യൂണിവേഴ്സിറ്റികളെ സജ്ജമാക്കണം. ഉന്നത വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങൾക്ക് പാകമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇത്തരം ഒരു കൗൺസിൽ കൂടി രൂപീകരിച്ച് വിദ്യാഭ്യാസത്തിന് പുതിയ ദിശാബോധം ഉണ്ടാക്കണം.

**ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി <u>(ശ്രീ.എം.എം. ഹസ്സൻ):</u>** ഉന്നത വിദ്യാഭ്യാസരംഗം മാറ്റങ്ങൾക്ക് പാകമായിരിക്കുന്ന ഈ കാലഘട്ടത്തിന് അനുയോജ്യമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളുമാണ് ബഹുമാനപ്പെട്ട മെമ്പർ അദ്ദേഹത്തിന്റെ ബില്ലിൽ പറഞ്ഞിട്ടുള്ളത്. കേരളത്തിലെ സർവ്വകലാശാലകൾക്കാകെ ബാധകമാക്കാൻ ഒരു യൂണിഫൈഡ് യൂണിവേഴ്സിറ്റി ആക്ടിന് ഗവൺമെന്റ് രൂപം നൽകിക്കൊണ്ടിരിക്കുകയാണ്. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ രൂപീകരണം ഏകീകൃത സർവ്വകലാശാലാ നിയമത്തിൽ വിഭാവന ചെയ്യാമെന്നുള്ള കാര്യം ഉറപ്പു നൽകുകയാണ്. കേരളത്തിന്റെ പരമ്പരാഗതമായ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് വരുത്തേണ്ട മാറ്റങ്ങളെല്ലാം സജീവമായി പരിഗണിക്കുകയും നേതൃത്വം നൽകുകയും ചെയ്യുന്നതിന് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ രൂപീകരണം വളരെ പ്രയോജനം ചെയ്യുന്നതാണ്. മേല്പറഞ്ഞ കാരണങ്ങളാൽ സ്വകാര്യ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഈ

പ്രമേയം പ്രസ്സ് ചെയ്യരുതെന്ന് അഭ്യർത്ഥിക്കുന്നു.

പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

(ശ്രീ.വി.ചെന്താമരാക്ഷൻ നോട്ടീസ് നൽകിയ 2002-ലെ റബ്ബർ കർഷക ടാപ്പിംഗ് മേഖല തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർചർച്ച അടുത്ത ദിവസത്തേയ്ക്കു മാറ്റിവച്ചു.)

.

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.